കേരള സർക്കാർ

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ/ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിന് "ബാലസാന്ത്വനം - 2014" എന്ന പദ്ധതിക്ക് രൂപം കൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ധനകാര്യ (ഫണ്ട്സ്) വകുപ്പ്**

**ജി.ഒ.(പി) നം. 575/2014/ധന.** **തിരുവനന്തപുരം, തീയതി, 23/12/2014.**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**<u>ഉത്തരവ്</u>**

അർബുദ ബാധിതരായ കുട്ടികളുടെ ചികിൽസാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന ഒരു നിശ്ചിത തുക ഉപയോഗിച്ച് ഒരു ഫണ്ട് രൂപീകരിക്കണമെന്നും ടി ഫണ്ടിലേയ്ക്ക് ലഭിക്കുന്ന തുക കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കണമെന്നുമുള്ള ഒരു നിർദ്ദേശം ഒരു കൂട്ടം സർക്കാർ ജീവനക്കാർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ചികിൽസാചെലവുകൾക്കായി സർക്കാർ/പൊതുമേഖല/സ്വയംഭരണ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിനായി **"ബാലസാന്ത്വനം - 2014"** എന്ന പദ്ധതിക്ക് രൂപം നൽകുന്നു.

**<u>പദ്ധതിയുടെ മാനദണ്ഡങ്ങൾ</u>**

1. **"ബാലസാന്ത്വനം-2014"** എന്ന പദ്ധതിയിലേയ്ക്ക് തുക നൽകാൻ സന്നദ്ധരായ ഗസറ്റഡ് നോൺ ഗസറ്റഡ് ജീവനക്കാരുടെ സമ്മതപത്രം അതാത് വകുപ്പ്/ഓഫീസ് മേധാവികൾ സ്വീകരിച്ച് സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ

അറിയിക്കേണ്ടതുമാകുന്നു. ഗസറ്റഡ് ജീവനക്കാരുടെ സമ്മതപത്രത്തിന്റെ പകർപ്പ് ശമ്പളം മാറുന്ന ട്രഷറിയ്ക്കും നൽകേണ്ടതാണ്. (സമ്മതപത്രത്തിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു.).

2. ജീവനക്കാരുടെ തുക അതാത് ട്രഷറി ഓഫീസർമാർ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് ഇതിനായി പ്രത്യകം ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റി പ്രസ്തുത വിവരങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ അറിയിക്കേണ്ടതാണ്. (ട്രഷറി അക്കൗണ്ട് നടപടിയെ സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.)

3. ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക നിക്ഷേപിക്കുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ ജില്ലാ ട്രഷറിയിൽ ഒരു സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നതാണ്.

4. ഇപ്രകാരം അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക തിരുവനന്തപുരം ജില്ലാകളക്ടറുടെ അക്കൗണ്ടിലേക്ക് ആവശ്യാനുസരണം ക്രെഡിറ്റ് ചെയ്യപ്പെടുന്നതാണ്. ജില്ലാകളക്ടർ ആർ.സി.സി. മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് തുക അനുവദിക്കേണ്ടതാണ്.

5. 18 വയസ്സും അതിൽ താഴെയുമുള്ള കുട്ടികളുടെ ചികിൽസാ ധനസഹായം ഈ പ്രത്യേക ഫണ്ടിൽനിന്നും വഹിക്കുന്നതാണ്.

6. ടി പദ്ധതിയിലേയ്ക്ക് പ്രതിമാസം 1000/- രൂപയോ അതിൽ കൂടുതലോ നൽകുന്നവരുടെ പേരുവിവരം ധനകാര്യവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. പദ്ധതിയിൽ അംഗമാകുന്ന സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം വേണ്ടിവന്നാൽ ലഭിക്കുന്നതാണ്.

8. പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഈ മഹത്തായ സംരഭത്തിൽ പങ്കാളികളാകാവുന്നതാണ്. അതാത് സ്ഥാപന മേധാവികൾ ഇതിനായി പ്രത്യേക ക്രമീകരണം നടത്തി തുക ശേഖരിച്ച് ട്രഷറിയിൽ ഇതിനായി പ്രത്യേകം ആരംഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. പദ്ധതിയിൽ അംഗമാകുന്നവരുടെ വിശദാംശങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാകുന്നു.

9. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക കുറവ് ചെയ്യുന്നതിന് സ്പാർക്കിൽ പ്രത്യേക കോഡ് നമ്പർ വരുത്തുന്നതും ട്രഷറികോഡിൽ ഇതിനായി മാറ്റം വരുത്തുന്നതുമാണ്.

10. ജീവനക്കാരിൽനിന്നും ഒരു നിശ്ചിത തുക നിശ്ചിത കാലയളവിലേയ്ക്ക് (കുറഞ്ഞത് ആറുമാസം) നൽകണമെന്നുള്ള ഉറപ്പ് സമ്മതപത്രം വഴി അതാത് നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

11. സമ്മതപത്രം നൽകുന്ന ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് വകുപ്പ്/സ്ഥാപനങ്ങളും, അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ള തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ ട്രഷറി വകുപ്പ്, ധനകാര്യ (ഫണ്ട്സ്) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ധനകാര്യ (ഫണ്ട്സ്) വകുപ്പ് ടി പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ വകുപ്പായിരിക്കും .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി & എസ് എസ് എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ((ഇ & ആർ എസ് എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ തലവൻമാർക്കും ഓഫീസുകൾക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്കും

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടേയും അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവൻമാർക്കും

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

സെക്രട്ടറി, കേരളാ പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.( ആമുഖ കത്തോടുകൂടി)

രജിസ്ട്രാർ, കേരളാ ഹൈക്കോടതി, എറണാകുളം.(ആമുഖ കത്തോടുകൂടി)

രജിസ്ട്രാർമാർ,സർവ്വകലാശാലകൾ കേരള/കൊച്ചി/കോഴിക്കോട്/ മഹാത്മാഗാന്ധി/കണ്ണൂർ/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.( ആമുഖ കത്തോടുകൂടി)

രജിസ്ട്രാർ, ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, മണ്ണുത്തി, തിരുവനന്തപുരം.( ആമുഖ കത്തോടുകൂടി)

കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർമാർക്കും

സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.(ആമുഖ കത്തോടുകൂടി)

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും,

ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

നിയമസഭാ സ്പീക്കറുടേയും,ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, ( ആമുഖ കത്തോടുകൂടി)

നോഡൽ ഓഫീസർ, www.finance.Kerala.gov.in.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

## സമ്മതപത്രം

ബാലസാന്ത്വനം-2014" എന്ന പദ്ധതിയിലേയ്ക്ക് ₹....................

(.......................................................................................................... രൂപ)

ആജീവനാന്തം/.........മുതൽ........വരെ എന്റെ വിഹിതമായി ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ്.........................................................

പേര്.........................................................

തസ്തിക...................................................

ഓഫീസ്..........................................................

സ്ഥലം.........................

തീയതി.........................